റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസീൽദാരും നിലവിൽ സർട്ടിഫിക്കറ്റുകൾ അനുവദിച്ചുവരുന്നു. എന്നാൽ ഗവൺമെന്റ് കത്ത് 55588/റ്റി/2/07/ആർഡി. തീയതി 14-11-2007 പ്രകാരം വില്ലേജ്/താലൂക്ക് ആഫീസുകളിൽ നിന്ന് അനുവദിക്കുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ബോർഡുകൾ വില്ലേജ്/താലൂക്കാഫീസുകളിൽ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം നേറ്റിവിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം റേഷൻ കാർഡ്, സ്കൂൾ രേഖകൾ, ജനനസർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ, എന്നിവയും റസിഡൻസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം റേഷൻ കാർഡ്, ഇലക്ടറൽ കാർഡ്, മറ്റ് രേഖകൾ എന്നിവയും ജാതി സർട്ടിഫിക്കറ്റിനുള്ള (പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങൾ ഒഴികെ) അപേക്ഷയോടൊപ്പം സ്ക്കൂൾ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ജാതി രേഖപ്പെടുത്തിയിട്ടുള്ള മറ്റു രേഖകൾ (മാതാപിതാക്കളുടെ ഉൾപ്പെടെ) ഹാജരാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) വാടകയ്ക്ക് താമസിക്കുന്നവർ, കൂട്ടുകുടുംബങ്ങളിൽ താമസിക്കുന്നവർ, പുതിയ വീട്ടിലേക്ക് താമസം മാറ്റിയവർ എന്നിവർക്കൊന്നും പുതിയ അഡ്രസ്സിൽ റേഷൻ കാർഡോ, അതുപോലുള്ള രേഖകളോ ഇല്ലാത്തപക്ഷം വില്ലേജ് ഓഫീസർ അന്വേഷണം നടത്തി സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്. നേറ്റിവിറ്റി, ജാതി സർട്ടിഫിക്കറ്റുകൾ എന്നിവയുടെ കാര്യത്തിൽ അപേക്ഷകൻ ജനിച്ചുവളർന്ന സ്ഥലത്തെ വില്ലേജാഫീസറുടെ റിപ്പോർട്ട് കൂടി വാങ്ങി അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകിവരുന്നു.

വടകര കേന്ദ്രീകരിച്ച് ഒരു റവന്യൂ ഡിവിഷൻ രൂപീകരണം

129(818) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര കേന്ദ്രീകരിച്ച് ഒരു റവന്യൂ ഡിവിഷൻ രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റവന്യൂ ഡിവിഷൻ രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ജനസംഖ്യ, നിലവിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനം, സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും എന്നിവയൊക്കെ പരിശോധിച്ച് മാത്രമേ വടകര ഉൾപ്പെടെയുള്ള പുതിയ റവന്യൂ ഡിവിഷനുകൾ രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly